പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2000 08.03.2018 ലെ മറുപടിക്ക്

**ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കയർ മേഖലയിലെ നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായത്തെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നവീകരിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികളെന്തെല്ലാം; | എ) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും രണ്ടാം പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുന:സംഘടന നടപ്പിലാക്കുന്നത്.<br>കയർ സഹകരണ സംഘങ്ങളുടെ പുന:രുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ച് വരുന്നു. 12 കോടി രൂപ പ്രവർത്തമൂലധനം നൽകുന്നതിനായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. അപ്രകാരം 254 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തനമൂലധനമായി അനുവദിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344/- രൂപയും, 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814/- രൂപയും അനുവദിച്ചിട്ടുണ്ട്.<br>കയർ വ്യവസായമേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ |

| | |
|---|---|
| | ഭാഗമായി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 HP യുടെ 60 ഡി.എഫ്. മെഷീനുകൾ കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000/- രൂപ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിച്ചു. 15 HP യുടെ 65 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000/- രൂപ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.<br>കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000/- രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇൻറഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്.<br>പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി. എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13.07.2017 -ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ടു മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം നടത്തും. |

| | |
|---|---|
| | 2017-2018 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു.<br>തൊണ്ട് സംഭരണത്തിനും വിതരണത്തിനുമായി കയർഫെഡിന്റെ നേതൃത്വത്തിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മൊബൈൽ ആപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>ദേശവ്യാപകമായി കയർ വിപണന രംഗം ശക്തിപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കയർ വ്യവസായത്തെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുന്നതിന് കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചുവടെ പറയുന്ന വികസന പദ്ധതികൾ സ്വീകരിച്ചുവരുന്നു.<br>1. കമ്പനിയുടെ കയർ പാർക്ക് ഡിവിഷൻ - കണിച്ചുകുളങ്ങര, ബേപ്പൂർ ഡിവിഷൻ- കോഴിക്കോട് എന്നിവിടങ്ങളിൽ ആധുനിക യന്ത്രവത്കൃത കയർപിരി പ്രവർത്തനങ്ങൾ നടത്തുന്നു. ഇപ്പോൾ ഇവിടങ്ങളിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ സഹായത്തോടെ ആധുനിക ഇലക്ട്രോണിക് റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രം എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>2. കമ്പനിയുടെ അരൂർ കിൻഫ്രാ പാർക്ക് ഡിവിഷനിൽ ആധുനിക കയർ സ്പ്ലിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>3. കമ്പനിയുടെ ബേപ്പൂർ ഡിവിഷനിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ തൊണ്ട് തല്ല് മിൽ (30000 തൊണ്ട്/ദിവസം) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം 2018 ഏപ്രിൽ മാസം പൂർത്തിയാകും.<br>4. കമ്പനിയുടെ കയർപാർക്ക് ഡിവിഷനിൽ ഒരു തൊണ്ട്തല്ല് യന്ത്രം കൂടി (കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ യന്ത്രം) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.<br>5. തൊഴിലാളികളുടെ ജോലിഭാരം ലഘൂകരിക്കുന്നതിനുള്ള സെമി ഓട്ടോമാറ്റിക് തറികൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.<br>6. കമ്പനിയുടെ അരൂർ കിൻഫ്രാ പാർക്കിൽ ഇറ്റലിയിൽ നിന്നും ഇറക്കുമതി ചെയ്ത |

| | |
|---|---|
| | ആധുനിക ടഫ്റ്റിംഗ് യന്ത്രവും, തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനുള്ള 250 കെ.വി. എ. ജനറേറ്ററും സ്ഥാപിച്ച് 2018 ഫെബ്രുവരി 15 മുതൽ രണ്ട് ഷിഫ്റ്റ് ഉൽപ്പാദന പ്രവർത്തനവും ആരംഭിച്ചു. |
| ബി) നിലവിൽ പ്രതിവർഷം എത്ര ടൺ കയറും കയറുത്പന്നങ്ങളും ഉത്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) കയർഫെഡ് 2017-18 സാമ്പത്തിക വർഷത്തിൽ 1,20,000 കിൻറൽ കയറും 7 കോടിയുടെ കയർ ഉൽപ്പന്നങ്ങളും സംഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>പി.പി.എസ്.എസ് വഴി ചെറുകിട ഉൽപ്പാദകരുടെ സംഘത്തിലൂടെ 2016-17 വർഷം 110 കോടി രൂപയുടെയും, 2017-18 വർഷത്തിൽ 85 കോടി രൂപയുടെയും ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് സംഭരിച്ചു. |
| സി) സാങ്കേതിക നവീകരണത്തിലൂടെ ഇത് എത്ര ടണ്ണായി ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ; | സി) കയർ കോർപ്പറേഷനിൽ തുടർച്ചയായ സാങ്കേതിക വിദ്യാനവീകരണത്തിലൂടെ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും കയർപിരി യൂണിറ്റുകൾ വഴി കമ്പനിയുടെ അട്ടൂർ ടഫ്റ്റിംഗ് പ്ലാൻറിലെ ഒരു ഷിഫ്റ്റ് ഉൽപ്പാദനത്തിനുള്ള 6000 കിലോ കയർ ഉൽപ്പാദിപ്പിക്കാമെന്നും കണക്കുകൂട്ടുന്നു.<br>സാങ്കേതിക നവീകരണം വഴി 2.60 ലക്ഷം കിൻറൽ കയർ ഉൽപ്പാദിപ്പുക്കുവാൻ കഴിയുമെന്ന് കയർഫെഡും പ്രതീക്ഷിക്കുന്നു. |
| ഡി) സാങ്കേതിക നവീകരണം മൂലം കയർ പിരിക്കാർക്കും നെയ്ത്തുകാർക്കും തൊഴിൽ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | ഡി) പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കയർകേരള 2017 ൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിനിയോഗത്തിനുള്ള ധാരണാപത്രം പ്രോജക്ട് ആഫീസർമാർ (കയർ), തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ, എൻ.ആർ. ഇ.ജി.എസ് പ്രതിനിധികൾ എന്നിവർ ചേർന്ന് ധാരണപത്രം ഒപ്പ വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കി വരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ 26,51,83,457/- രൂപ നാളിതുവരെ |

| | |
|---|---|
| | അനുവദിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം തൊഴിൽ നഷ്ടമുണ്ടാകാതെ 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.<br>സാങ്കേതിക നവീകരണം വഴി നിലവിലെ കയർപിരിക്കാർക്ക് തന്നെയാണ് കൂടുതൽ ഉൽപ്പാദനക്ഷമതയും വരുമാന വർദ്ധനവും ലക്ഷ്യമിടുന്നത്. പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ്. വഴി കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതു വഴിയും നവീകരിച്ച തറികൾ സ്ഥാപിക്കുന്നതുവഴിയും നിലവിലുള്ള നെയ്ത്തുകാർക്ക് കൂടുതൽ തൊഴിലവസരവും കൂടുതൽ നെയ്ത്തുകാർക്ക് ജോലിയും ഉറപ്പുവരുത്തുവാൻ കഴിയുന്നു.<br>കേരളത്തിൽ നടപ്പിലാക്കിവരുന്ന യന്ത്രവത്ക്കരണം തൊഴിലാളികളുടെ കായക്ലേശം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് കയർ മേഖലയുടെ നവീകരണം ലക്ഷ്യമിട്ടിട്ടുള്ള രണ്ടാം പുന:സംഘടന നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ